## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5644 02.07.2019 -ലെ മറുപടിക്ക്**

## ഒന്നാം റാങ്ക് നേടിയ പട്ടികവിഭാഗ ഉദ്യോഗാർത്ഥിയുടെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി ജി.സി.ഡി.എ. യുടെ ടൗൺപ്ലാനിംഗ് ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ ജനറൽ റിക്രൂട്ട്മെന്റിൽ ഒന്നാം റാങ്ക് നേടിയിട്ടും പ്രസ്തുത ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിക്കാത്തത് സംബന്ധിച്ച് വകുപ്പ് മന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; പ്രസ്തുത പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ ജി.സി.ഡി.എ സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ പട്ടികജാതി ഗോത്രവർഗ്ഗ കമ്മീഷനിൽ കേസ് ഉണ്ടോ; വിശദമാക്കാമോ;<br>ആയതിൻമേൽ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു; വിശദമാക്കാമോ? | (സി) | ഉണ്ട്. വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) യിൽ ടൗൺപ്ലാനിംഗ് ഓഫീസർ തസ്തികയ്ക്ക് പ്രവൃത്തി പരിചയം നിർബന്ധിത യോഗ്യതയായി ഉൾപ്പെടുത്തിയിരുന്നു. 05.07.1988 ലെ 23514/ബി.പി.ഇ/87/പി.എൽ.ജി നമ്പർ സർക്കുലർ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രവൃത്തി പരിചയത്തിൽ ഇളവനുവദിച്ച് നിയമനത്തിനായി പി.എസ്.സി ശുപാർശ ചെയ്തു. എന്നാൽ പ്രസ്തുത തസ്തിക സൂപ്പർവൈസറി വിഭാഗത്തിലുള്ളതായതിനാൽ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി പരിചയം അനിവാര്യമാണെന്ന നിലപാട് സ്വീകരിച്ച് ജി.സി.ഡി.എ നിയമനം നൽകിയില്ല. പ്രസ്തുത നിലപാടിനെതിരെ പരാതിക്കാരൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത അന്യായത്തിന്മേൽ, പരാതിക്കാരന് താൽക്കാലിക നിയമനം നൽകണമെന്ന കോടതി വിധിന്യായം സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ സ്വമേധയാ കേസെടുത്തിരുന്നു. മേൽ പരാമർശിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ടി വിഷയത്തിന്മേൽ സർക്കാർ കമ്മീഷനിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും കൂടാതെ 22.06.2019-ന് സാക്ഷി വിസ്താരത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ നിന്നും തുടർ ഉത്തരവുകളൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ